**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 329** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>എൻ ഡി പി എസ് നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഡി. കെ. മുരളി

ശ്രീ. ഡി. കെ. മുരളി

ശ്രീ. എം. ബി. രാജേഷ്... 

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാരിന്റെ കാലത്ത് എക്സൈസ് വകുപ്പ് മുഖാന്തരം പിടിച്ചെടുത്ത ലഹരി ഉല്പന്നങ്ങളും അവയുടെ അളവും ഇനം തിരിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ അബ്കാരി/എൻ.ഡി.പി.എസ്/കോട്പ കേസുകളിലായി എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ ഇനവും അളവും അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഈ സർക്കാരിന്റെ കാലത്ത് എൻ ഡി പി എസ് നിയമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ (21.05.2021 മുതൽ 20.01.2026 വരെ) എൻ.ഡി.പി.എസ് നിയമവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് ആകെ 37950 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 22201 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 15386 കേസുകൾ കോടതിയുടെ പരിഗണനയിൽ തുടരുന്നു. ഈ സർക്കാരിന്റെ കാലത്ത് കോടതികളിൽ തീർപ്പാക്കിയ എൻ.ഡി.പി.എസ് കേസുകളിൽ 21602 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. കോടതി തീർപ്പാക്കിയ കേസുകളിലെ ശിക്ഷ നിരക്ക് 96.33% ആണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

| **ലഹരി ഉത്പന്നം** | **അളവ്** |
|---|---|
| സ്പിരിറ്റ് | 108709.05 ലിറ്റർ |
| ചാരായം | 27615.085 ലിറ്റർ |
| ഇന്ത്യൻ നിർമ്മിത വിദേശ മദ്യം | 252545.193 ലിറ്റർ |
| കോട | 1411468.65 ലിറ്റർ |
| അരിഷ്ടം | 14858.85 ലിറ്റർ |
| ബിയർ | 12136.898 ലിറ്റർ |
| കള്ള് | 76067.895 ലിറ്റർ |
| അന്യ സംസ്ഥാന മദ്യം | 68794.59 ലിറ്റർ |
| വ്യാജ മദ്യം | 12592.965 ലിറ്റർ |
| വൈൻ | 16649.845 ലിറ്റർ |
| കഞ്ചാവ് | 16434.09 കി.ഗ്രാം |
| ഹാഷിഷ് ഓയിൽ | 71823.763 ഗ്രാം |
| കഞ്ചാവ് ചെടി | 13977 എണ്ണം |
| എം.ഡി.എം.എ | 27963.917 ഗ്രാം |
| ബ്രൗൺ ഷുഗർ | 1203.827 ഗ്രാം |
| ഹെറോയിൻ | 3472.253 ഗ്രാം |
| എൽ.എസ്.ഡി | 53.483617 ഗ്രാം |
| പുകയില ഉത്പന്നങ്ങൾ | 144632.984 കി.ഗ്രാം& 505160 പാക്കറ്റ് |

**സെക്ഷൻ ഓഫീസർ**